12/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 213*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3926**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. നീലകണ്ഠൻ ഭട്ടതിരി,**
**ഇലവുങ്കൽ ഇല്ലം,**
**കണ്ണമംഗലം തെക്ക്,**
**ചെട്ടികുളങ്ങര പി.ഒ.,**
**മാവേലിക്കര, ആലപ്പുഴ – 690 106.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **തിരുവിതാംകൂർ ദേവസ്വം ബോർഡ്,**
   **ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ്,**
   **നന്ദൻകോട്, കവടിയാർ, തിരുവനന്തപുരം,**
   **പിൻ – 695 003.**

2. **അപ്പീൽ അധികാരി,**
   **തിരുവിതാംകൂർ ദേവസ്വം ബോർഡ്,**
   **ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ്,**
   **നന്ദൻകോട്, കവടിയാർ, തിരുവനന്തപുരം,**
   **പിൻ – 695 003.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.12. 2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.12. 2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.01. 2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.01. 2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.02.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03.03.2022 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.നീലകണ്ഠൻ ഭട്ടതിരി, 28.02.2022ന് സമർപ്പിച്ച അപ്പീൽ ഹർജി 03.03.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.213(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഹർജിക്കാരൻ 04.12.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഹരിപ്പാട് ഗ്രൂപ്പിൽ തൃപ്പകുടം സബ്ഗ്രൂപ്പിൽ പടനിലം ദേവസ്വം P.T. ശാന്തിയായി ജോലി നോക്കി വരവേ ROC 7261/2013S,28/4/2019 ഉത്തരവനുസരിച്ച് ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ തടഞ്ഞത് ബന്ധപ്പെട്ട് ബഹു.ദേവസ്വം ബോർഡ് മുമ്പാകെ 08.11.2021ൽ തപാൽ മാർഗ്ഗം അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളതും ആയതിന്മേൽ എടുത്ത നടപടിയുടെ പകർപ്പ് നൽകണമെന്നുമാണ്.

ആയതിന് 15.12.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലാവശ്യപ്പെട്ട വിവരങ്ങൾ/രേഖയുടെ പകർപ്പ് ശേഖരിക്കുന്നതിനായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് ബോർഡാഫീസിലെ ബന്ധപ്പെട്ട സെക്ഷനിലേയ്ക്ക് കൈമാറിയിട്ടുള്ള വിവരം അറിയിക്കുന്നുവെന്നുമാണ്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 02.02.2022ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയും എസ്.പി.ഐ.ഒ. ടിയാന് നൽകിയ മറുപടിയും ബന്ധപ്പെട്ട ഫയലും വിശദമായി പരിശോധിച്ചതിൽ 04.12.2021 തീയതി രേഖപ്പെടുത്തി ടിയാൻ സമർപ്പിച്ച അപേക്ഷ 13.12.2021ൽ ടി ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് ലഭിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷയിൽ ടിയാന്റെ രണ്ട് ഇൻക്രിമെന്റുകൾ സഞ്ചിത ഫലമില്ലാതെ തടഞ്ഞത് സംബന്ധിച്ച് 05.11.2021ൽ ബോർഡാഫീസിൽ സമർപ്പിച്ചിരുന്ന അപ്പീൽ ഹർജിയിന്മേൽ ബോർഡിൽ നിന്നും സ്വീകരിച്ച നടപടി സംബന്ധിച്ച രേഖകളുടെ പകർപ്പാണ് എന്നു കാണുന്നുവെന്നും ബോർഡാഫീസിലെ എസ്.പി.ഐ.ഒ. 29.12.2021ൽ ടിയാന് നൽകിയിട്ടുള്ള മറുപടി പരിശോധിച്ചതിൽ ടിയാൻ ആവശ്യപ്പെട്ട ചോദ്യത്തിനുള്ള വ്യക്തമായ വിവരം ബന്ധപ്പെട്ട രേഖയുടെ പകർപ്പ് സഹിതം നൽകിയിട്ടുള്ളതായും കാണുന്നുവെന്നാണ്.

ഹർജിക്കാരന്റെ അപേക്ഷയിൽ ബോർഡാഫീസിലെ നടപടി സംബന്ധിച്ച വിവരമാണ് ആരാഞ്ഞിട്ടുള്ളതെന്നും പ്രസ്തുത വിവരമാണ് എസ്.പി.ഐ.ഒ. ടിയാന് നൽകിയിട്ടുള്ളതെന്നുമാണ്. തുടർ നടപടികൾക്കായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് ദേവസ്വം കമ്മീഷണറാഫീസിലേയ്ക്ക് കൈമാറിയതിനു ശേഷം പ്രസ്തുത വിഷയത്തിൽ ബോർഡാഫീസിൽ മറ്റു നടപടികൾ ഇല്ലാത്തതുമാണെന്നാണ്. വിവരാവകാശ നിയമപ്രകാരം ഒരു അധികാരസ്ഥാനത്ത് നിലവിലുള്ള വിവരങ്ങൾ നൽകുന്നതിനു മാത്രമേ എസ്.പി.ഐ.ഒ.യ്ക്ക് സാധിയ്ക്കുകയുള്ളുവെന്ന വിവരം അറിയിക്കുന്നുവെന്നുമാണ്.

ബോർഡാഫീസിലെ നടപടി വിവരം ആരാഞ്ഞ് ലഭിച്ച അപേക്ഷയിന്മേൽ ആയത് നൽകുക എന്നതിൽ കവിഞ്ഞ് ബോർഡാഫീസിലെ നടപടികൾക്ക് തുടർച്ചയായി മറ്റു ആഫീസുകളിൽ നിന്നും സ്വീകരിക്കുന്ന നടപടി വിവരങ്ങൾ കൂടി ശേഖരിച്ച് നൽകേണ്ട ബാധ്യത വിവരാവകാശ നിയമപ്രകാരം ഇല്ലാത്തതാണെന്നും ആകയാൽ 17.01.2022ൽ ടി ആഫീസിൽ ലഭിച്ച ടിയാന്റെ അപേക്ഷയിന്മേൽ കൂടുതൽ വിവരങ്ങളൊന്നും നൽകുവാനില്ല എന്നതിനാൽ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരങ്ങളെല്ലാം നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Ge/